(ഇ) തൽക്കാലം ഉദ്ദേശിക്കുന്നില്ല.

**മൃഗസംരക്ഷണ വകുപ്പ് സബ്സെന്ററുകളിലെ കാഷ്വൽ പി.ടി.എസ്. ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി**

118(859)ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ മൃഗസംരക്ഷണ വകുപ്പിന്റെ സബ്സെന്ററുകളിൽ സ്ഥിരം പി.ടി.എസ്. നെ പോലെ തുടർച്ചയായി ജോലി ചെയ്തു വരുന്ന കാഷ്വൽ പി.ടി.എസ്.മാർ എത്രപേരുണ്ട്;

(ബി) ഇവർ എത്രകാലമായി തുടർച്ചയായി ജോലി ചെയ്തുവരുന്നു;

(സി) പ്രസ്തുത കാഷ്വൽ പി.ടി.എസ് മാരെ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ആരാണ് നിവേദനം നൽകിയത് എന്നും അതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്നും വെളിപ്പെടുത്തുമോ;

(ഇ) ഇവരെ പിരിച്ചുവിടരുതെന്ന് ഉത്തരവ് ഇറക്കിയിട്ടുണ്ടോ;

(എഫ്) ഇവർക്ക് അറ്റന്റൻസ് നൽകുവാൻ നടപടി കൈക്കൊള്ളുമോ;

(ജി) ഇവരുടെ പ്രതിമാസ വേതനം എത്ര രൂപ ആണ്; ഇത് വർദ്ധിപ്പിക്കുവാൻ നടപടി കൈക്കൊള്ളുമോ;

(എച്ച്) ഇവരെ സർവ്വീസിൽ സ്ഥിരപ്പെടുത്താൻ നടപടി എടുക്കുമോ?

ഉത്തരം

(എ) 52 പേർ

(ബി) തുടർച്ചയായി ആരെയും നിയോഗിക്കാറില്ല.

(സി) ഉണ്ട്.

(ഡി) വ്യക്തിഗത നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. എന്നാൽ വകുപ്പിൽ നിന്നും ആരെയും സ്ഥിരപ്പെടുത്തിയിട്ടില്ല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം എല്ലാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ട് തയ്യാറാക്കുന്ന സീനിയോറിട്ടി ലിസ്റ്റിൽ നിന്നുമാണ് സ്ഥിരം പി.ടി.എസ്.നെ നിയമിക്കുന്നത്. നിവേദനത്തിന്റെ മാത്രം അടിസ്ഥാനത്തിൽ ആരെയും സ്ഥിരപ്പെടുത്തിയിട്ടില്ല.

(ഇ) ഉത്തരവ് ഇറക്കിയിട്ടില്ല. ഒരറിയിപ്പ് ഉണ്ടാകുന്നതുവരെ ഇവരെ പിരിച്ചു വിടരുതെന്ന് ബന്ധപ്പെട്ട ഓഫീസർമാർക്ക് ഒരു സർക്കുലർ മുഖാന്തിരം മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്)സ്ഥിരം പി.ടി.എസ്. ന് മാത്രമേ അറ്റന്റൻസ് നൽകാറുള്ളൂ.

(ജി) ഇവരുടെ പ്രതിമാസ ശമ്പളം 110/- രൂപയിൽ നിന്നും 600/- രൂപയായി 1.11.98 മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്.

(എച്ച്)ഇപ്പോൾ അത്തരമൊരു നിർദ്ദേശം പരിഗണനയിൽ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly